"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ശാസ്ത്ര സാങ്കേതിക വകുപ്പ് - ബഹു.ഹൈക്കോടതി മുമ്പാകെ ശ്രീ. ആർ. സുരേഷ് കുമാർ, ശ്രീ. ഡി. ഉദയകുമാർ എന്നിവർ ഫയൽ ചെയ്ത 22348/2012, 34025/2016 നമ്പർ റിട്ട് ഹർജികളിന്മേലുള്ള 04/12/2017 തീയതിയിലെ പൊതുവായ കോടതി വിധി - 18/05/2021 തീയതിയിലെ 1340/19, 1447/19 നമ്പർ റിട്ട് അപ്പീലുകളിന്മേലുള്ള ബഹു.ഹൈക്കോടതി വിധി - പാലിക്കുന്നു - ഉത്തരവാകുന്നു

---

ശാസ്ത്ര സാങ്കേതിക (എ) വകുപ്പ്

സ.ഉ.(സാധാ) നം.45/2021/S&TD തീയതി,തിരുവനന്തപുരം, 22/09/2021

---

പരാമർശം:-

1. 02/08/1999 തീയതിയിലെ സർക്കാർ ഉത്തരവ് (പി)നമ്പർ. 82/99/എസ്.റ്റി.ഇ.ഡി.
2. 30/07/2013 തീയതിയിലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ.7/2013/ശാ.സാ.വ
3. ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ 30 /12/2013 തീയതിയിലെ 223/എസ്റ്റാ.ഡി/2013/ജെ.എൻ.റ്റി.ബി.ജി.ആർ.ഐ. നമ്പർ കത്ത്
4. 01/04/2019-ലെ സീനിയർ ഗവ.പ്ലീഡറുടെ സി.സി.(സി) നമ്പർ.2013/2018, 2017/2018 നമ്പർ ഫാക്സ്.
5. ബഹു.ഹൈക്കോടതിയുടെ 04/12/2017 തീയതിയിലെ 22348/2012, 34025/2016 നമ്പർ റിട്ട്ഹർജി (സിവിൽ) യിന്മേലുള്ള വിധി.
6. 03/04/2019 തീയതിയിലെ സർക്കാർ ഉത്തരവ്. (സാധാ) നമ്പർ.25/2019/ശാ.സാ.വ
7. 18/05/2021 തീയതിയിലെ 1340/19, 1447/19 നമ്പർ റിട്ട് അപ്പീലുകളിന്മേലുള്ള ബഹു.ഹൈക്കോടതി വിധി.

ഉത്തരവ്

ഗാർഡനർ തസ്തികയ്ക്ക് പരാമർശം (1) പ്രകാരം അനുവദിച്ചിരുന്ന 3052-5230 ശമ്പള സ്കെയിൽ, 26/08/2000 തീയതി മുതൽ പ്രാബല്യത്തിൽ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് കൊണ്ട്, പരാമർശം (2) പ്രകാരം സേവനം ക്രമീകരിക്കപ്പെട്ട ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ ഗാർഡനർ തസ്തികയിലുള്ള ശ്രീ.ആർ.സുരേഷ് കുമാർ മുതൽ പേരും, ശ്രീ.ഡി.ഉദയകുമാർ മുതൽ പേരും യഥാക്രമം 28342/12, 34025/16 നമ്പർ റിട്ട് ഹർജികൾ ബഹു.ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്തു.

2. പ്രസ്തുത റിട്ട് ഹർജികളിന്മേലുള്ള പരാമർശം (5) പ്രകാരമുള്ള പൊതുവായ കോടതി വിധിയുടെ പ്രസക്ത ഭാഗം താഴെപ്പറയുന്നു.

*The petitioners shall therefore be granted all consequential benefits with effect from the date viz 26.08.2000 as per Ext.P15 order produced in WP(C) No.34025 of 2016.*

3. ടി കോടതി ഉത്തരവിനെതിരെ സർക്കാർ 1340/19, 1447/19 നമ്പർ റിട്ട് അപ്പീലുകൾ ഫയൽ ചെയ്തു. ടി റിട്ട് അപ്പീലുകൾ തള്ളി ബഹു.ഹൈക്കോടതി പരാമർശം (7) പ്രകാരം ഉത്തരവായി.

4. മേൽ സാഹചര്യത്തിൽ, കോടതിവിധി പാലിക്കുന്നതിനായി ഹർജിക്കാർക്ക് നൽകേണ്ട കുടിശ്ശിക തുകയും തുടർ ശമ്പളവും നൽകുന്നതിന് പദ്ധതിയേതര വിഹിതമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുകയിൽ അധികമായി തുക അനുവദിക്കാനാവില്ലെന്നും, നടപ്പ സാമ്പത്തിക വർഷം അനുവദിച്ച തുകയിൽ നിന്നോ കൗൺസിൽ സ്വന്തം നിലയിലോ ചെലവുകൾ കണ്ടെത്തേണ്ടതാണെന്നുമുള്ള നിബന്ധനയോടെ, പരാമർശം (5, 7)-ലെ കോടതി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ, 22348/2012, 34025/2016 റിട്ട് ഹർജിയിലെ ഹർജിക്കാർക്ക് അനുവദനീയമായ ശമ്പളവും മറ്റാനുപാതിക ആനുകൂല്യങ്ങളും നൽകി, ടി കോടതി ഉത്തരവ് സമയപരിധിയ്ക്കുള്ളിൽ നടപ്പിലാക്കുവാൻ ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർക്ക് നിർദ്ദേശം നൽകി ഇതിനാൽ ഉത്തരവാകുന്നു.

5. പരാമർശം (5,7)- ലെ വിധിന്യായങ്ങൾ സർക്കാർ ഇതിനാൽ പാലിയ്ക്കുന്നു. ഈ ഉത്തരവ് ഒരു കീഴ്വഴക്കമായി കണക്കാക്കുവാൻ പാടില്ല എന്നും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പ്രൊഫ.ഡോ.കെ.പി സുധീര്

എക്സ് ഒഫിഷ്യോ പ്രിൻസിപ്പൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം. (ആമുഖ കത്ത് സഹിതം)
മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ
ഡയറക്ടർ, ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്
ധനകാര്യ വകുപ്പ്(പി.യു.സി.4/101/2018-ധന-896358 തിയതി 21/09/2021 പ്രകാരം)
നിയമ വകുപ്പ് (27360/SuitII(2)/2018/നിയമം പ്രകാരം)
വിവര പൊതുജന സമ്പർക്ക വകുപ്പ്(ഗവ.വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Baladevi.t.p.
Date: 23-09-2021 10:59:39
Reason: Approved

സെക്ഷൻ ഓഫീസർ